സ്വാമിശരണം

ആർ.ഒ.സി. നം. 1623/13/ബഡ്/എൻ.എസ്.2.

ദേവസ്വംകമ്മീഷണർ ആഫീസ്
തിരുവനന്തപുരം
25/11/2016

# ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്വയം പര്യാപ്തമല്ലാത്ത പി.ഡി. ദേവസ്വങ്ങൾ ഷെഡ്യൂൾഡ് ദേവസ്വങ്ങൾ ആക്കി പരിവർത്തനം ചെയ്യുന്നത് സംബന്ധിച്ച്.

സൂചന:-1. 28-1-2013-ലെ ആർ.ഒ.സി. 5504/09/എസ്റ്റാ.1. നമ്പർ ബോർഡുത്തരവ്.

2. തൃക്കാരിയൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 23-5-2014-ലെ 768 നമ്പർ റിപ്പോർട്ട്.
3. ഹരിപ്പാട് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 23-5-2014-ലെ 3525 നമ്പർ റിപ്പോർട്ട്.
4. അമ്പലപ്പുഴ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 24-5-2014-ലെ 419 നമ്പർ റിപ്പോർട്ട്.
5. വർക്കല അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 30-5-2014-ലെ 1466 നമ്പർ റിപ്പോർട്ട്.
6. ആറന്മുള അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 24-5-2014-ലെ 476 നമ്പർ റിപ്പോർട്ട്.
7. പറവൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 6-6-2014-ലെ 1894 നമ്പർ റിപ്പോർട്ട്.
8. മുണ്ടക്കയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 30-5-2014-ലെ 1331 നമ്പർ റിപ്പോർട്ട്.
9. കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 10-6-2014-ലെ 555 നമ്പർ റിപ്പോർട്ട്.
10. ഉള്ളൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 11-6-2014-ലെ 1243 നമ്പർ റിപ്പോർട്ട്.
11. പുനലൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 31-12-2014-ലെ 2473 നമ്പർ റിപ്പോർട്ട്.
12. 19-8-2015-ലെ ആർ.ഒ.സി. 5504/09/എസ്റ്റാ.1. നമ്പർ ബോർഡുത്തരവ്.
13. ദേവസ്വം കമ്മീഷണർ ആഫീസിലെ 29/9/2015-ലെ മേൽ നമ്പർ റിപ്പോർട്ട്.
14. 05-11-2016-ലെ ആർ.ഒ.സി. 5504/09/എസ്റ്റാ.1. നമ്പർ ബോർഡുത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് പരിധിയിലുള്ള പി.ഡി. ദേവസ്വങ്ങളെ ഷെഡ്യൂൾഡ് ദേവസ്വങ്ങളാക്കി മാറ്റുന്നതിനായി പി.ഡി. ദേവസ്വങ്ങളിലെ കഴിഞ്ഞ മൂന്നു വർഷത്തെ വരവ് ചെലവ് സ്റ്റേറ്റുമെന്റും ഫിക്സഡ് ഡിപ്പോസിറ്റിന്റെ വിവരങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സൂചന (1) ഉത്തരവ് ലഭിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ (2) മുതൽ (11) വരെയുള്ള സൂചനകളായി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ പരിധിയിൽ വരുന്ന പി.ഡി. ദേവസ്വങ്ങളുടെ മൂന്നു വർഷത്തെ വരവ്-ചെലവ് സ്റ്റേറ്റുമെന്റുകൾ ലഭ്യമാക്കി. പ്രസ്തുത വരവ്-ചെലവ് സ്റ്റേറ്റ്മെന്റുകൾ വിശദമായി പരിശോധിച്ച് സ്വയം പര്യാപ്തമായ

പി.ഡി. ദേവസ്വങ്ങളുടെയും, സ്വയം പര്യാപ്തമല്ലാത്ത പി.ഡി. ദേവസ്വങ്ങളുടെയും വിശദാംശങ്ങൾ ഈ ആഫീസിൽ നിന്നും സൂചന (13) ആയി ദേവസ്വം ബോർഡ് ആഫീസിൽ റിപ്പോർട്ടു ചെയ്യുകയുണ്ടായി.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിലുള്ള സ്വയം പര്യാപ്തമല്ലാത്ത പി.ഡി. ദേവസ്വങ്ങൾ ഷെഡ്യൂൾഡ് ദേവസ്വങ്ങളാക്കി പരിവർത്തനം ചെയ്യുന്നതിലേയ്ക്ക് വേണ്ടി 12-01-2016-ൽ പ്രഥമിക വിജ്ഞാപനവും 21/6/2016 -ൽ അന്തിമ വിജ്ഞാപനവും ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുളളതാണ്.

മേൽ സാഹചര്യങ്ങളിൽ (1) വർക്കല ഗ്രൂപ്പിൽപ്പെട്ട കൊടുമൺ, കീഴാറ്റിങ്ങൽ, ശങ്കരമംഗലം, തെറ്റിമൺ ശാസ്താ, പുതുകുന്ന്, കുറുകറുത്തകാവ്, കവലയൂർ, തിരുവാമനപുരം, പാലകുന്ന്, ആവണിപുരം, പെരിയ ഉടയാർ, കോയിക്കൽ. (2) ഉളളൂർ ഗ്രൂപ്പിൽപ്പെട്ട പാങ്കോട്, കല്ലിയോട്, (3) കൊട്ടാരക്കര ഗ്രൂപ്പിൽപ്പെട്ട മണ്ണടി, ഏനാദിമംഗലം, ശ്രീനാരായണപുരം, (4) പുനലൂർ ഗ്രൂപ്പിൽപ്പെട്ട മറ്റം, (5) ആറന്മുള ഗ്രൂപ്പിൽപ്പെട്ട ഇലഞ്ഞിമേൽ, (6) മുണ്ടക്കയം ഗ്രൂപ്പിൽപ്പെട്ട പാലൂർക്കാവ്, പെരുവന്താനം (7) പറവൂർ ഗ്രൂപ്പിൽപ്പെട്ട പനമറ്റം, (മൂകാമ്പി) പെരുവനം, അയിരൂർ, മല്ലപ്പിളളി, ചിറയ്ക്കൽ, കുറങ്ങഴിപ്പ്, ചിറങ്ങര, പി.ഡി.കോങ്ങോർപ്പിളളി (തിരുവാലൂർ) പി.ഡി. അമ്പലമേട് (കിഴക്കമ്പലം) (8) അമ്പലപ്പുഴ ഗ്രൂപ്പിൽപ്പെട്ട തകഴി, മുരുക്കുവേലി (9) ഹരിപ്പാട് ഗ്രൂപ്പിൽപ്പെട്ട തിരുവിലഞ്ഞാൽ, (10) തൃക്കാരിയൂർ ഗ്രൂപ്പിൽപ്പെട്ട കരിമണ്ണൂർ, കല്ലൂർ എന്നീ ദേവസ്വങ്ങളെ ഷെഡ്യൂൾഡ് ദേവസ്വങ്ങൾ ആയി പരിവർത്തനം ചെയ്ത് ഉത്തരവാകുന്നു.

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

**പകർപ്പ്:-**

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്. (ആമുഖകത്ത് സഹിതം)
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്രട്ടറി)
3. ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസർ.
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ.
5. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല.
6. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ- തിരുവനന്തപുരം, വൈക്കം, പത്തനംതിട്ട, ഹരിപ്പാട്.
7. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ- നെയ്യാറ്റിൻകര, തിരുവനന്തപുരം, ഉളളൂർ, വർക്കല, കൊല്ലം, കരുനാഗപ്പളളി, കൊട്ടാരക്കര, പുനലൂർ, ഹരിപ്പാട്, അമ്പലപ്പുഴ, മാവേലിക്കര, ആറന്മുള, ചങ്ങനാശ്ശേരി, തിരുവല്ല, കോട്ടയം, തൃക്കാരിയൂർ, ഏറ്റുമാനൂർ, വൈക്കം, മുണ്ടക്കയം, പറവൂർ
8. ഇ.ഡി.പി. സക്ഷൻ, ബോർഡാഫീസ്.
9. സെക്ഷൻഫയൽ.
10. ഫെയർ ആഫീസ് കോപ്പി.

Sreelatha

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

ശ.